(ബി) സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടില്ല. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(സി) കുറഞ്ഞ ഓണറേറിയം – പ്രതിമാസം 1600 രൂപ
കൂടിയ ഓണറേറിയം – പ്രതിമാസം 7050 രൂപ

(ഡി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

"മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതമായ വീടുകൾ"

30 [3554] *ശ്രീ. സി. കെ. നാണു:*

„ *എ. സി. ഷൺമുഖദാസ്:*

„ *കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കടലോരങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ സുരക്ഷിതമായ രീതിയിൽ വീടുകൾ നിർമ്മിക്കുന്നതിനെ സംബന്ധിച്ച് ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇതിനെക്കുറിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) സുനാമി ദുരന്തത്തിൽപ്പെട്ട മത്സ്യ തൊഴിലാളികൾ ഉൾപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിനായി വീടുകൾ നിർമ്മിക്കുന്ന പദ്ധതി പുരോഗമിച്ചു വരുന്നു. മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി വീടുകൾ നിർമ്മിക്കുന്ന പ്രത്യേക പദ്ധതി പരിഗണനയിലുണ്ടോ എന്ന വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഹൗസിംഗ് ബോർഡിന്റെ ബാദ്ധ്യത

31 [3555] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ ഹൗസിംഗ് ബോർഡിന്റെ മൊത്തം ബാദ്ധ്യത എത്രയായിരുന്നു;

(ബി) അവ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഏതൊക്കെ സ്ഥാപനങ്ങൾക്ക് എത്ര തുക വീതം തിരിച്ചടയ്ക്കാൻ ഉണ്ടായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 ഫെബ്രുവരി വരെയുള്ള ബാദ്ധ്യത എത്ര; അവ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഇ) 2001 മേയ് മാസത്തിനുശേഷം എത്ര തുക ഹഡ്കോയ്ക്ക് തിരിച്ചടച്ചു; ഹഡ്കോയിൽ നിന്നും എത്ര തുക വായ്പയായി സ്വീകരിച്ചു;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹൗസിംഗ് ബോർഡിന്റെ കടബാദ്ധ്യതയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(ജി) എങ്കിൽ മുൻസർക്കാരിൽ നിന്നും വ്യത്യസ്ഥമായി ഏതൊക്കെ പുതിയ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എച്ച്) പ്രസ്തുത പദ്ധതികൾക്കായി എത്ര തുക ചെലവാക്കേണ്ടി വന്നു?

ഉത്തരം

(എ) 2965.72 കോടി രൂപ.

(ബി) & (സി)

ഇനവിവരം	*തുക (കോടിയിൽ)*
(എ) ധനകാര്യ സ്ഥാപനങ്ങൾക്കുള്ളത് ഹഡ്കോയിൽ നിന്നുള്ള വായ്പ (പലിശ ഉൾപ്പെടെ) (1996-2001 കാലഘട്ടത്തിൽ വകമാറ്റി ചെലവഴിച്ച 275 കോടി രൂപയും പലിശയും ഉൾപ്പെടെ) (ഹഡ്കോയുടെ മുതലും പലിശയും ഉൾപ്പെടെയുള്ള തിരിച്ചടവ് ബാദ്ധ്യത)	2134.04
വിവിധ ബാങ്കുകളിൽ നിന്നുള്ള വായ്പ	37.83
സർക്കാരിൽ നിന്നുള്ള വായ്പ	32.31
കടപത്രം	16.53
(ബി) മൈത്രി ആന്വിറ്റി ഡെപ്പോസിറ്റ് വകയിൽ പഞ്ചായത്തുകൾക്ക് മടക്കി നൽകാനുള്ളത്	26.08
(സി) മറ്റു ബാദ്ധ്യതകൾ (2000-2001 വാർഷിക കണക്കിലെ ഷെഡ്യൂൾ 15 പ്രകാരം - ഹഡ്കോ പലിശ ഒഴികെ)	68.40

LIBRARY ARCHIVES Kerala Legislative Assembly

(ഡി)	പഞ്ചായത്തുകളിൽനിന്നും മൈത്രി നിക്ഷേപ പദ്ധതിക്ക് ലഭിച്ച 217 കോടി രൂപ വകമാറ്റിയതുമൂലം ഉണ്ടായ ബാദ്ധ്യത പലിശ ഉൾപ്പെടെ	581.56
(ഇ)	വിവിധ പദ്ധതികളിൽ ഗുണഭോക്താക്കൾക്ക് നൽകുവാനുണ്ടായിരുന്ന വായ്പാ ഗഡുക്കൾക്ക് വേണ്ടിയിരുന്ന തുക	68.97
	ആകെ	2965.72

(ഡി) ഭവന നിർമ്മാണ ബോർഡിന്റെ 2005 ഫെബ്രുവരി വരെയുള്ള ബാദ്ധ്യത 2379.48 കോടി രൂപയാണ്. ഇതിന്റെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ഇനവിവരം		*തുക (കോടിയിൽ)*
(എ)	ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ളത്	
	ഹഡ്കോയിൽ നിന്നുള്ള വായ്പ (പലിശ ഉൾപ്പെടെ)	1600.56
	വിവിധ ബാങ്കുകളിൽനിന്നുള്ള വായ്പ	35.20
	സർക്കാരിൽ നിന്നുള്ള വായ്പ	37.84
	കടപത്രം	10.95
(ബി)	മൈത്രി ആനുവിറ്റി ഡെപ്പോസിറ്റ് വകയിൽ പഞ്ചായത്തുകൾക്ക് മടക്കി നൽകാനുള്ളത്	21.06
(സി)	മറ്റ് ബാദ്ധ്യതകൾ (2003–2004 വാർഷിക കണക്കിലെ ഷെഡ്യൂൾ 15 പ്രകാരം – ഹഡ്കോ പലിശ ഒഴികെ)	67.32
(ഡി)	പഞ്ചായത്തുകളിൽ നിന്നും മൈത്രിനിക്ഷേപ പദ്ധതിക്ക് ലഭിച്ച 217 കോടി രൂപ വകമാറ്റിയതുമൂലം ഉണ്ടായ ബാദ്ധ്യത (പലിശ ഉൾപ്പെടെ)	581.56
(ഇ)	വിവിധ പദ്ധതികളിൽ ഗുണഭോക്താക്കൾക്ക് നൽകുവാനുണ്ടായിരുന്ന വായ്പാ ഗഡുകൾക്ക് ആവശ്യമായ തുക	24.99
	ആകെ	2379.48

(ഇ) 2005 ഫെബ്രുവരി മാസം വരെ മൊത്തം 509.05 കോടി രൂപ മുതലും പലിശയും ചേർത്ത് ബോർഡ് ഹഡ്കോയ്ക്ക് തിരിച്ചടവിനത്തിൽ നൽകിയിട്ടുണ്ട്. ഹഡ്കോയിൽ നിന്നും 17.76 കോടി രൂപ ഇക്കാലയളവിൽ ബോർഡ് വായ്പയെടുക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇല്ല.

(ജി) & (എച്ച്) നിലവിലുള്ള ബോർഡ് അധികാരം ഏറ്റെടുത്തശേഷം നാളിതുവരെ വിവിധ ഭവന വായ്പാ പദ്ധതികളിലൂടെ 31403 വീടുകളും നിർമ്മാണ പദ്ധതികളിലൂടെ 303 യൂണിറ്റുകളും (ആകെ 31706 പൂർത്തിയാക്കിയിട്ടുണ്ട്) വായ്പാ പദ്ധതികൾക്കായി 58.73 കോടി രൂപയും നിർമ്മാണ പദ്ധതികൾക്കായി 17.70 കോടി രൂപയും ഉൾപ്പെടെ മൊത്തം 76.43 കോടി രൂപ ബോർഡ് ചെലവഴിച്ചിട്ടുണ്ട്.

1. ലക്ഷം വീട് നവീകരണ പദ്ധതി: ഈ പദ്ധതികൾക്കായി 2004-2005 സാമ്പത്തിക വർഷം അഞ്ചുകോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. .ഇത് ഉപയോഗിച്ച് 2500 വീടുകളുടെ നവീകരണം ഈ വർഷം ഏറ്റെടുത്ത് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി കോട്ടയം, കോഴിക്കോട് ജില്ലകൾക്ക് മൊത്തം 7 ലക്ഷം രൂപ ബോർഡ് വിതരണം ചെയ്തു കഴിഞ്ഞു.

2. കാരുണ്യ ഭവന പദ്ധതി: സമൂഹത്തിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് എൻ.ജി.ഒ.സ്./സി.ബി.ഒ.സ്.-ന്റെ സഹകരണത്തോടുകൂടി സൗജന്യമായി വീട് നിർമ്മിച്ചു നൽകുന്ന ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന് ആവശ്യമായ സ്ഥലം സർക്കാർ/തദ്ദേശസ്ഥാപനങ്ങൾ സൗജന്യമായി ഹൗസിംഗ് ബോർഡിന് നൽകേണ്ടതാണ്. 50 സെന്റ് മുതൽ 5 ഏക്കർ വരെ വിസ്തീർണ്ണമുള്ള കോംപ്ലക്സുകളിൽ 2 സെന്റ് വീതമുള്ള പ്ലോട്ടുകൾ 200-250 ചതുരശ്ര അടി തറ വിസ്തീർണ്ണമുള്ള വീടുകളാണ് നിർമ്മിച്ചു നൽകുന്നത്.

3. ഹാബിറ്റാറ്റ് സെന്റർ: ഹഡ്കോയുമായി ചേർന്നുകൊണ്ട് തിരുവനന്തപുരത്ത് കവടിയാറിൽ ജോയിന്റ് വെഞ്ചുർ പ്രോജക്ടായി ഒരു ഹാബിറ്റാറ്റ് സെന്റർ നിർമ്മിക്കുന്നതാണ്. ഇതിനായി സർക്കാർ 3.25 ഏക്കർ സ്ഥലം ബോർഡിന് നൽകിക്കഴിഞ്ഞു.

4. സുരക്ഷ ഭവന പദ്ധതി: സന്നദ്ധ സംഘടനകളുടെ സഹായത്തോടെ സംസ്ഥാനത്തെ ഭൂരഹിത-ഭവന രഹിത ദുർബല വിഭാഗങ്ങൾക്കായി സർക്കാർ, ബോർഡ് വഴി നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഇതനുസരിച്ച് 2005-2006-ൽ 10000 വീടുകൾ ഉടൻ നിർമ്മിച്ച് നൽകും. ഇതിലേക്ക് വീടൊന്നിന് 9000 രൂപ വീതം സർക്കാർ സബ്സിഡിയായി അനുവദിക്കും. ബാക്കിതുക സന്നദ്ധ സംഘടനകളുടെ വിഹിതമായിരിക്കും.

5. ആക്കുളം ടൗൺഷിപ്പ് പദ്ധതി: തിരുവനന്തപുരം ജില്ലയിൽ ചെറുവയ്ക്കൽ വില്ലേജിൽ 35.44 ഏക്കർ സ്ഥലത്ത് ആക്കുളം ടൗൺഷിപ്പ് പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്.

GPM. 2/255/2012—11

LIBRARY ARCHIVES Kerala Legislative Assembly

6. കൊച്ചി മറൈൻഡ്രൈവ് എക്കോ ടൗൺഷിപ്പ് പ്രോജക്ട്: എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ മറൈൻഡ്രൈവിൽ 19.46 ഏക്കർ സ്ഥലത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന എക്കോ ടൗൺഷിപ്പ് പദ്ധതിക്ക് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. (ജി.ഒ.എം.എസ്. 11/2005/ഭവനം. തീയതി 21-3-2005) ഒന്നാം ഘട്ടമായി പദ്ധതി ഭൂമിയെ റസിഡൻഷ്യൽ, കൊമേഴ്സ്യൽ, ടൂറിസം സോണുകളായി തിരിച്ച് ഭൂവികസന പ്രവൃത്തി നടപ്പാക്കുന്നതിന് 60.11 കോടി രൂപ പ്രതീക്ഷിക്കുന്നു.

ഭവന നിർമ്മാണ ബോർഡ് നിർമ്മിക്കുന്ന വിമൻസ് ഹോസ്റ്റലുകൾ

32 [3556] *ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:*

" *മഞ്ഞളാംകുഴി അലി:*

" *കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് 60 കോടി രൂപ ചെലവിൽ 12 ജില്ലകളിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതാണെന്ന 2004-2005 ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) എത്ര ഹോസ്റ്റലുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്; എത്ര ഹോസ്റ്റലുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്;

(സി) കേന്ദ്ര ഗവൺമെന്റിൽ നിന്നും ഈ ആവശ്യത്തിനായി എന്തു തുക ആവശ്യപ്പെട്ടിട്ടുണ്ട്; എന്തു തുക ലഭിച്ചിട്ടുണ്ട്;

(ഡി) സംസ്ഥാന ഗവൺമെന്റ് ഇതിലേക്കായി എന്തു തുക ചെലവഴിച്ചിട്ടുണ്ട്?

ഉത്തരം

(എ) തിരുവനന്തപുരം, തൃശ്ശൂർ, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലകളിൽ വാടകവീട് പദ്ധതിക്കായി ഭവന നിർമ്മാണ ബോർഡിന് നൽകിയിട്ടുള്ള ഭൂമികളിലും കൂടാതെ ബോർഡിന്റെ കൈവശമുള്ള സ്ഥലങ്ങളിലും ഡിമാന്റ് അനുസരിച്ച് വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന്റെ അഭികാമ്യത പരിശോധിച്ചു വരുന്നു.

(ബി) ഇടുക്കി (മുട്ടം), കോട്ടയം (ഗാന്ധിനഗർ), എറണാകുളം (കാക്കനാട്) എന്നീ ജില്ലകളിൽ മൂന്ന് ഹോസ്റ്റലുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പുതിയതായി ഒരു ഹോസ്റ്റലിന്റെയും നിർമ്മാണം ആരംഭിച്ചിട്ടില്ല.

(സി) കോട്ടയത്ത് ഗാന്ധിനഗറിലുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റലിന് ഇതുവരെ 76.05 ലക്ഷം രൂപയും ഇടുക്കിയിൽ മുട്ടത്തുള്ള വർക്കിംഗ് വിമൻസ്

LIBRARY ARCHIVES Kerala Legislative Assembly